File No.GEDN-G1/104/2020-G.EDN

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് -എസ്.എസ്.എൽ.സി./ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പരീക്ഷാകേന്ദ്ര മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം.1679/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 21/05/2020

---

പരാമർശം:- 1. 12.05.2020 ലെ ജി.ഒ (ആർ.ടി) നം. 1568/2020/പൊ.വി.വ ഉത്തരവ്.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ .05.2020 ലെ ഇ.എക്സ്.സി ജി എൽ (1)/39200/19/സി.ജി.ഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോവിഡ് 19 ന്റെ പശ്ചാത്തലത്തിലെ ലോക്ഡൗണിൽ പരീക്ഷാകേന്ദ്രം സ്ഥിതി ചെയ്യുന്ന ജില്ലയിൽ നിന്നും മറ്റു ജില്ലകളിൽ അകപ്പെട്ടുപോയ വിദ്യാർത്ഥികൾക്ക് സ്വന്തം ജില്ലയിലെ പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതുവാൻ അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭ്യമാകുന്നതിനാൽ പരീക്ഷാകേന്ദ്ര മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം(2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു അതിന്റെ അടിസ്ഥാനത്തിൽ പരീക്ഷാകേന്ദ്രം സ്ഥിതിചെയ്യുന്ന ജില്ലയിൽ നിന്നും മറ്റു ജില്ലകളിൽ അകപ്പെട്ടുപോയ വിദ്യാർത്ഥികൾക്ക് സ്വന്തം ജില്ലയിൽ പരീക്ഷയെഴുതുവാനും, ഗൾഫ്/ലക്ഷദ്വീപ് മേഖലയിൽ നിന്നും കേരളത്തിൽ എത്തിയിട്ടുള്ളവർക്കും, കേരളത്തിൽ നിന്ന് ഗൾഫ്/ലക്ഷദ്വീപ് മേഖലകളിൽ എത്തിയിട്ടുള്ള വിദ്യാർത്ഥികൾക്കും അതാത് മേഖലകളിൽ പരീക്ഷയെഴുതുവാനും, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക്/സ്പോർട്ട്സ്/സാമൂഹികനീതി വകുപ്പ് എന്നി ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാകാത്ത സാഹചര്യത്തിൽ പരീക്ഷാ കേന്ദ്രം മാറ്റുവാനും അനുമതി നല്കി ഉത്തരവാകുന്നു.

പരീക്ഷാകേന്ദ്ര മാറ്റത്തിന് കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ ജില്ലകളിൽ അവർക്കായി പ്രത്യേക പരീക്ഷാകേന്ദ്രം അനുവദിക്കുന്നതിന്റെ സാധ്യത കൂടി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ചിത്ര കെ ദിവാകരൻ**
**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം
ജോയിന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

File No.GEDN-G1/104/2020-G.EDN

Signature valid

Digitally signed by
SAVITHA S
Date: 2020.05.21
12:44:44 IST
Reason: Approved
സെക്ഷൻ ഓഫീസർ